പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

28/07/2015 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5490

## മൃഗസംരക്ഷണ വകുപ്പിലെആധുനിക വത്ക്കരണവും ഇ-ഗവേണൻസും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എം.പി.വിൻസെന്റ്: | | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി |
| എ) മൃഗസംരക്ഷണ വകുപ്പിൽ ആധുനിക വത്ക്കരണത്തിനും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | രൂപീകരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) | മൃഗസംരക്ഷണ വകുപ്പിൽ ആധുനികവത്ക്കരണവും ഇ-ഗവേണൻസും എന്ന ശീർഷകത്തിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.<br>1. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർവത്ക്കരിച്ച് ദൈനംദിന പ്രവർത്തനങ്ങൾ ഓൺ-ലൈനായി മോണിറ്റർ ചെയ്യുക.<br>2. കർഷകർക്ക് അവരുടെ ഉരുക്കളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഓൺലൈനായി ലഭ്യമാക്കുക.<br>3.വകുപ്പിന്റെ ഫയലുകൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റി, പേപ്പർ രഹിത ഓഫീസാക്കി മാറ്റുക.<br>4. ഭാവിയിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് സബ്സിഡി തുകകൾ എത്തിക്കുക. |

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) മൃഗസംരക്ഷണ വകുപ്പിൽ ആധുനികവത്ക്കരണത്തിനും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 215ലക്ഷം രൂപയുടെ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ടാബ്ലറ്റ് കമ്പ്യൂട്ടർ, പ്രിന്ററുകൾ, എന്നിവ വാങ്ങാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഓൺലൈൻ മോണിറ്ററിംഗിനായി സോഫ്റ്റ് വെയറുകൾ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ